# ഫിഷ് അമിനോ ആസിഡും
# എഗ്ഗ് അമിനോ ആസിഡും



## ICAR-Krishi Vigyan Kendra

Hosted by: Bapooji Sevak Samaj

Farm Science Centre,ICAR Govt.of India
Idukki Dist

Pethotty.P.O, Santhanpara,Idukki,Kerala,Pin:685619
Phone : (04868) 247541,247715
Mob: 9526020728

Email: kvksanthanpara@gmail.com
Website: www.kvkidukki.org

# ഫിഷ് അമിനോ ആസിഡ്

രോഗകീടബാധയില്ലാതെ ചെടികൾ കരുത്തോടെ വളരാൻ ഉത്തമമായ ഒരു വളർച്ച ത്വരകമാണ് മത്തി ശർക്കര മിശ്രിതം ഇതിനായി ചെറുതായി നുറുക്കിയ 1 കിലോ ചാളയും (മത്തി) ഒരു കിലോ ശർക്കരയും ആവശ്യമാണ്. 3 കിലോ ഉൾക്കൊള്ളാവുന്ന ഒരു പ്ലാസ്റ്റിക് കുപ്പിയോ ഭരണിയോ എടുത്ത് നന്നായി കഴുകി വെയിലത്തുണക്കിയ ശേഷം ഒരു ലെയർ ചാള ഒരു ലെയർ ശർക്കരഎന്ന രീതിയിൽ കുപ്പിയിൽ നിറക്കുക. ഒരാഴ്ച കഴിയുമ്പോൾ ശർക്കര അലിഞ്ഞ് വെള്ളംപോലെ ആകുന്നു. ആ അവസ്ഥയിൽ കുപ്പിയുടെ മൂടി തുറന്ന് മുക്കാൽഭാഗത്തോളം തിളപ്പിച്ചാറ്റിയ വെള്ളം നിറച്ച് നന്നായി ഇളക്കിയെടുക്കുക. ( ഏതെങ്കിലും ഒരു വശത്തേക്ക് മാത്രം ഇളക്കുക) എല്ലാ ദിവസവും മൂടി തുറന്ന് ഈ വിധം ഇളക്കികൊടുക്കേണ്ടതാണ്. ഏകദേശം 20 മുതൽ 30 ദിവസം കഴിയുമ്പോൾ ചാള നന്നായി അലിഞ്ഞിട്ടുണ്ടാകും ഈ മിശ്രിതം 15 മില്ലി 1 ലിറ്റർ വെള്ളത്തിൽ കലർത്തി ചെടികളുടെ ഇലകളിലും മണ്ണിലും വീഴത്തക്ക രീതിയിൽ പ്രയോഗിക്കാവുന്നതാണ്. യാതൊരു ദുർഗന്ധവുമില്ലാത്ത കൊഴുത്ത ഈ ദ്രാവകം വായു കടക്കാത്ത പാത്രത്തിൽ 2-3 മാസം വരെ സൂക്ഷിച്ചു വയ്ക്കാം. ഈ മിശ്രിതം ഇലകളിൽ തളിക്കുന്നത് യൂറിയ തളിക്കുന്നതിന്റെ പ്രയോജനം ലഭിക്കുന്നതാ



ശർക്കര



ചാളയും (മത്തി)

# എഗ്ഗ് അമിനോ ആസിഡ്

ഏഴ് ചെറുനാരങ്ങ എടുത്ത് (പൊട്ടിക്കാതെ) ഒരു ചില്ലു ജാറിലിട്ടു 15 ചെറു നാരങ്ങ (വലുത്) പിഴിഞ്ഞ് അതിലേയ്ക്കൊഴിക്കുക. 10 ദിവസം അടച്ചു വയ്ക്കുക. ശേഷം മുട്ട പൊട്ടിച്ച് നന്നായി ഇളക്കിച്ചേർക്കുക. അതിലേക്ക് 250 ഗ്രാം ശർക്കര ഉരുക്കിയത് ചേർക്കുക. 10 ദിവസം കൂടി അടച്ചു വയ്ക്കുക. ഇതിൽ നിന്ന് 15 മില്ലി എടുത്ത് 1 ലിറ്റർ വെള്ളം ചേർത്ത് ഇലകളിൽ തളിക്കാവുന്നതാണ്.



മുട്ട



ചെറു നാരങ്ങ



ശർക്കര


Prepared by
Sudhakar Soundarajan
SMS-Plant Protection
ICAR-KVK(BSS), Idukki

Edited by
Dr.Binu John sam
Programme Coordinator i/c.
ICAR-KVK (BSS), Idukki

Published by
Deenamma Kuriakose
Chairperson
ICAR-KVK (BSS), Idukki



Sponsored by
Kerala State Planning Board